നെറ്റ് വിശേഷങ്ങൾ

വി.കെ. അബ്ദു

# വിശുദ്ധ ഖുർആൻ ഇന്റർനെറ്റിലൂടെ

ഇസ്‌ലാമിനെ സമഗ്രമായി പരിചയപ്പെടുത്തുന്നതോടൊപ്പം വിപുലമായ ഇന്റർനെറ്റ് സേവനങ്ങൾ നൽകുന്ന വെബ് സൈറ്റുകളുണ്ട്. പോർട്ടൽ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ഈ സൈറ്റുകളിൽ ഖുർആനും ഹദീസുമൊക്കെ മുഖ്യവിഷയങ്ങളാണ്. ഇസ്‌ലാമിലേക്കുള്ള സൈബർ ഗേറ്റ്‌വേ എന്ന രൂപത്തിലും ഇവ പ്രവർത്തിക്കുന്നു.

**ഇന്റർനെറ്റിലെ** ഖുർആൻ വെബ്സൈറ്റുകളെ സമീപിക്കുന്നത് ജാഗ്രതയോടെ വേണം. സൈറ്റ് യഥാർഥത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നതാണോ അതോ വിമർശകരും ശത്രുക്കളും ഇസ്‌ലാമിനെ കരിവാരിത്തേക്കാനും ഖുർആനിക അധ്യാപനങ്ങൾ വികലമാക്കി ചിത്രീകരിക്കാനും വേണ്ടി അവതരിപ്പിക്കുന്നതാണോ എന്ന് കൃത്യമായി അറിഞ്ഞിരിക്കണം. ഖാദിയാനി, ബഹാഇ, ഇസ്മാഈലീ തുടങ്ങിയ വിഭാഗങ്ങൾ ഇസ്‌ലാമിന്റെയും ഖുർആന്റെയുമൊക്കെ പേരിൽ നെറ്റിൽ സജീവമാണ്. ഓറിയന്റലിസ്റ്റുകളും മിഷനറി പ്രവർത്തകരും സയണിസ്റ്റുകളും ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കാനും ഖുർആന്റെ ആശയങ്ങൾ തങ്ങളുടെ കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കാനും പ്രത്യേകം വെബ്സൈറ്റുകൾ നിർമിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി ഖുർആൻ അധ്യായങ്ങളിലും സൂക്തങ്ങളിലും മാറ്റത്തിരുത്തലുകൾ വരെ നടത്തി അവതരിപ്പിക്കുന്ന സൈറ്റുകളും ഇടക്ക് പ്രത്യക്ഷപ്പെട്ടിരുന്നു.

ഇത്തരം സൈറ്റുകൾ കണ്ടെത്തുന്നവർ തങ്ങളുടെ പ്രതികരണം അതേ സൈറ്റുകളിലേക്കയച്ച് തിരുത്താൻ ശ്രദ്ധിക്കാറുണ്ട്. ശരിയായ സമീപനവും അതുതന്നെ. അതേസമയം നിഷേധരൂപത്തിലാണെങ്കിൽ പോലും ഈ സൈറ്റുകളുടെ വിലാസങ്ങൾക്ക് ഒരുതരത്തിലുള്ള പ്രചാരവും നൽകാറില്ല. കാരണം ഇസ്‌ലാമിനെയും ഖുർആനെയും യഥാർഥ രൂപത്തിൽ തന്നെ പ്രതിനിധീകരിക്കുന്ന നൂറുകണക്കിന് സൈറ്റുകൾ ലഭ്യമാണെന്നിരിക്കെ അപൂർവങ്ങളായ ഈ സൈറ്റുകൾക്ക് പൊതുവെ സന്ദർശകർ കുറവായിരിക്കും. വിമർശനത്തിനോ മുന്നറിയിപ്പിന് വേണ്ടിയോ ആണെങ്കിൽ പോലും അവയുടെ വിലാസം പരസ്യപ്പെടുത്തുന്നത് ഗുണത്തിലേറെ ദോഷമാണ് വരുത്തിവെക്കുക. കുറെകഴിയുമ്പോൾ സന്ദർശകരില്ലാതെ ഇത്തരം സൈറ്റുകൾ സ്വയം അപ്രത്യക്ഷമാവുകയാണ് പതിവ്. അതിനാൽ തന്നെ ഇവക്ക് നെറ്റ് സമൂഹത്തെ കാര്യമായി സ്വാധീനിക്കാനാവില്ല. നെറ്റിലെ യഥാർഥ ഖുർആൻ സൈറ്റുകളാകട്ടെ മിക്കവയും പരസ്പരം ലിങ്ക് ചെയ്യപ്പെട്ടതിനാൽ ഏതെങ്കിലുമൊരു സൈറ്റിലെത്തുന്നവർക്ക് സമാനമായ ഇതര സൈറ്റുകളിലെത്താൻ പ്രയാസപ്പെടേണ്ടിവരില്ല.

ഇസ്‌ലാമിനെ സമഗ്രമായി പരിചയപ്പെടുത്തുന്നതോടൊപ്പം വിപുലമായ ഇന്റർനെറ്റ് സേവനങ്ങൾ നൽകുന്ന വെബ് സൈറ്റുകളുണ്ട്. പോർട്ടൽ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ഈ സൈറ്റുകളിൽ ഖുർആനും ഹദീസുമൊക്കെ മുഖ്യവിഷയങ്ങളാണ്. ഇസ്‌ലാമിലേക്കുള്ള സൈബർ ഗേറ്റ്‌വേ എന്ന രൂപത്തിലും ഇവ പ്രവർത്തിക്കുന്നു.

ഇവിടെ പരാമർശിക്കുന്ന സൈറ്റുകൾ ഏത് ഏതിനെക്കാൾ മെച്ചപ്പെട്ടതെന്ന വിലയിരുത്തലിന് മുതിരുന്നില്ല. നൂറുകണക്കിന് സൈറ്റുകളുടെ ഉള്ളടക്കം മുഴുവൻ പരിശോധിച്ച് അങ്ങനെയൊരു പഠനം നടത്തുക എളുപ്പമല്ല. ഏറ്റവുമധികം സന്ദർശകരെത്തുന്ന സൈറ്റുകളെ ഹ്രസ്വമായി പരിചയപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. ഓരോ സൈറ്റിനും അതിന്റേതായ പ്രത്യേകതകളുണ്ട്. മുഖ്യ വിഷയം വിശുദ്ധ ഖുർആൻ തന്നെ. വിവിധ ഖാരിഉകളുടെ ഖുർആൻ പാരായണം, വ്യാഖ്യാനങ്ങൾ, ഖുർആൻ ക്ലാസ്സുകളുടെ ഓഡിയോ വീഡിയോ ക്ലിപ്പുകൾ, പരിഭാഷ, ഖുർആൻ വിജ്ഞാനം, ഖുർആൻ ലൈബ്രറി എന്നിവയൊക്കെ പരമാവധി ഉൾപ്പെടുത്താൻ ഓരോ സൈറ്റും ശ്രദ്ധിച്ചിരിക്കുന്നു. മിക്ക സൈറ്റുകളിലെയും വിഭവങ്ങൾ അറബിയിലാണ് തയാറാക്കിയിരിക്കുന്നത്. മലയാളമുൾപ്പെടെയുള്ള ഭാഷകളിൽ ഖുർആനിനെ വ്യത്യസ്ത തലങ്ങളിൽ പരിചയപ്പെടുത്തുന്നതിന് വിപുലമായ സാധ്യതകൾ ഇപ്പോഴും

അവശേഷിക്കുന്നുവെന്നർഥം.

## ഖുർആൻ സൈറ്റുകൾ

**www.mp3quran.net**

എം.പി 3 ഫോർമാറ്റിലെ വലിയൊരു ഖുർആൻ ഓഡിയോ ലൈബ്രറിയാണിത്. പ്രശസ്തരായ നൂറിൽപരം ഹാഫിളുകളുടെ സമ്പൂർണ ഖുർആൻ പാരായണം ഇതിലുണ്ട്. സൈറ്റിൽ പുതിയ പാരായണങ്ങൾ അപ്പപ്പോൾ ഉൾപ്പെടുത്താൻ നിർമാതാക്കൾ ശ്രദ്ധിക്കുന്നു. ഇംഗ്ലീഷ്, അറബി, ഫ്രഞ്ച്, റഷ്യൻ, ജർമൻ എന്നിങ്ങനെ അഞ്ച് ഭാഷയിൽ സൈറ്റ് ലഭ്യമാണ്. 2006 ആഗസ്റ്റിൽ ഏഴ് സെർവർ ഉപയോഗപ്പെടുത്തി തുടങ്ങിയ സൈറ്റ് ഇതര ഖുർആൻ സൈറ്റുകളെ അപേക്ഷിച്ച് സന്ദർശകരുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്ത് നിലകൊള്ളുന്നു.

**www.quran.muslimweb.com**

അറബി ഭാഷയിൽ മാത്രം ലഭ്യമാകുന്ന ഈ സൈറ്റ് പ്രധാനമായും ഖുർആൻ മനഃപാഠം ലക്ഷ്യമാക്കി നിർമിച്ചതാണ്. സൈറ്റ് തുറക്കുമ്പോൾ ഓരോ സമയത്തും പ്രത്യേകം ആയത്തുകൾ നമുക്ക് ലഭിക്കുന്നു. അത് ഹൃദിസ്ഥമാക്കാനും പഠിച്ചത് എഴുതി പരിശീലിക്കാനും സൈറ്റ് സൗകര്യമൊരുക്കുന്നു. മനഃപാഠമാക്കിയത്, മനഃപാഠമാക്കിക്കൊണ്ടിരിക്കുന്നത്, മനഃപാഠമാക്കാനുള്ളത് എന്നിവയുടെ പട്ടികയും സൈറ്റ് ക്രമപ്പെടുത്തും. 'തഹ്ഫീദുൽ ഖുർആൻ' പാഠശാലകളിലെ വിദ്യാർഥികൾക്ക് ഈ സൈറ്റ് നന്നായി പ്രയോജനപ്പെടുത്താനാവും. ആയത്തുകളുടെ അർഥവും വ്യാഖ്യാനവും മനസ്സിലാക്കാനും സൗകര്യമുണ്ട്.

**www.quransite.com**

വിശുദ്ധ ഖുർആൻ സംബന്ധിച്ച് എല്ലാം ലഭ്യമാവുന്ന വെബ്സൈറ്റാണിത്. ഖുർആൻ വ്യാഖ്യാനം, ഖുർആൻ പാരായണ നിയമം, ഖുർആനോട് പുലർത്തേണ്ട മര്യാദ, ഖുർആൻ പഠനത്തിന്റെ മഹത്വം എന്നിങ്ങനെ ഖുർആനുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആകർഷകമായ രീതിയിൽ ഇതിൽ ക്രമപ്പെടുത്തിയിരിക്കുന്നു. അതിബൃഹത്തായ ഒരു ഖുർആൻ ലൈബ്രറിയാണ് എടുത്തുപറയേണ്ട മേന്മ. സൈറ്റിലെ പേജുകൾ അത്യാകർഷകമാണ്. നൂറ്റി അറുപതിൽ പരം ഖാരിഉകളുടെ ഖുർആൻ പാരായണം ഡൗൺലോഡ് ചെയ്യാനാവും. പ്രഗത്ഭരായ പണ്ഡിതന്മാരുടെ ഖുർആൻ ക്ലാസ്സുകൾ, ഖുർആനെപ്പറ്റിയുള്ള പുസ്തകങ്ങളുടെ ശേഖരം എന്നിവയും സൈറ്റിൽ ലഭ്യമാണ്. ഖുർആൻ പേജ് മറിച്ച് പാരായണം ചെയ്യാൻ സൗകര്യമുള്ള www.quranflash.com എന്ന അത്യാകർഷകമായ സൈറ്റിലേക്കുള്ള ലിങ്കും ഇതുൾക്കൊള്ളുന്നു.

**www.ketaballah.net**

ഖുർആൻ വിജ്ഞാനങ്ങൾക്കുള്ള ശ്രദ്ധേയമായ മറ്റൊരു വെബ്സൈറ്റാണിത്. നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് ഇതിലെ പേജുകളുടെ നിറം മാറ്റാവുന്നതാണ്. എം.പി. 3 ഫോർമാറ്റിലെ പാരായണത്തിന് പുറമെ ഖുർആൻ പാരായണത്തിന്റെ വീഡിയോ ഫയലുകളും ഉൾപ്പെടുത്തിയിരിക്കുന്നു. റഫറൻസിനായി ഒട്ടേറെ തഫ്സീർ, ഹദീസ് ഗ്രന്ഥങ്ങളുമുണ്ട്.

**http://www.quranenglish.com/tafheem_quran/**

വിഖ്യാത പണ്ഡിതനും നവോത്ഥാന നായകനുമായ സയ്യിദ് അബുൽഅഅ്ലാ മൗദൂദിയുടെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ തഫ്ഹീമുൽ ഖുർആന്റെ സമ്പൂർണ ഇംഗ്ലീഷ് പരിഭാഷ ലഭിക്കുന്ന വെബ്സൈറ്റാണിത്. അധ്യായം തെരഞ്ഞെടുത്ത് പരിഭാഷയും വ്യാഖ്യാനക്കുറിപ്പുകളും ലഭ്യമാക്കാൻ സംവിധാനമുള്ള സൈറ്റിൽ പി.ഡി.എഫ് ഫയൽ രൂപത്തിൽ അവ കമ്പ്യൂട്ടറിൽ ഡൗൺലോഡ് ചെയ്യാനും സൗകര്യമൊരുക്കിയിരിക്കുന്നു. ഖുർആന് പുറമെ പ്രമുഖ ഹദീസ് ഗ്രന്ഥമായ സ്വഹീഹ് ബുഖാരിയുടെ ഇംഗ്ലീഷ് പരിഭാഷയും സൈറ്റിലൂടെ ഡൗൺലോഡ് ചെയ്യാം.

**http://quranmalayalam.com**

വിശുദ്ധ ഖുർആന്റെ മലയാളം പരിഭാഷയുള്ള വെബ്സൈറ്റുകൾ വിരളമാണ്. അത്തരം സൈറ്റുകളിലൊന്നാണിത്. ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി, കുഞ്ഞിമുഹമ്മദ് പറപ്പൂർ എന്നിവർ ചേർന്നെഴുതിയ ഖുർആൻ പരിഭാഷയാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. സൈറ്റിൽ ഓരോ അധ്യായവും പ്രത്യേകം തെരഞ്ഞെടുത്ത് പരിഭാഷ വായിക്കാൻ സൗകര്യമുണ്ട്. പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത മൂവായിരം ഹദീസുകളുടെ മലയാളം പരിഭാഷ ഉൾപ്പെടെ ഒട്ടേറെ ഇസ്ലാമിക വിഷയങ്ങളും സൈറ്റിലുൾപ്പെടുത്തിയിരിക്കുന്നു.

**www.vazhi.org**

വിശുദ്ധ ഖുർആന്റെ അർഥവും ആശയവും അനുബന്ധ വിജ്ഞാനശാഖകളും മലയാളത്തിൽ പരിചയപ്പെടുത്തുന്ന ശ്രദ്ധേയമായൊരു വെബ്സൈറ്റാണിത്. 2005-ൽ ആരംഭിച്ച സൈറ്റിൽ ഖുർആൻ വാക്കർഥങ്ങൾ പഠിക്കാനുള്ള സൗകര്യമുള്ളതോടൊപ്പം ആറുമാസം കൊണ്ട് അറബി ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനും സഹായകമായ രീതിയിൽ അറബി ഭാഷ പാഠ്യപദ്ധതിയും ഒരുക്കിയിരിക്കുന്നു. മലയാളം പരിഭാഷക്ക് പുറമെ യൂസുഫ് അലി, പിക്താൾ എന്നിവരുടെ ഇംഗ്ലീഷ് വിവർത്തനവും സൈറ്റിലുണ്ട്.

**http://understandthequran.com**

200 മണിക്കൂർ കൊണ്ട് ഖുർആൻ പഠിക്കാവുന്ന രീതിയിൽ തയാറാക്കിയ 'ഖുർആൻ പഠിക്കാനൊരു എളുപ്പവഴി' എന്ന ഇ-മെയിൽ പഠന കോഴ്സാണ് ഈ സൈറ്റിന്റെ മുഖ്യ സവിശേഷത. മലയാളഭാഷക്ക് സൈറ്റിൽ പ്രത്യേകം വിഭാഗം പ്രവർത്തിക്കുന്നു. പാഠ്യഭാഗങ്ങൾ വേഡ് ഫയൽ, പി.ഡി.എഫ്, പ്രസന്റേഷൻ എന്നിങ്ങനെ മൂന്ന് രൂപത്തിൽ ലഭിക്കും. അത്യാധുനിക രീതികളവലംബിച്ച് ഏറെ ശാസ്ത്രീയമായി വിശുദ്ധ ഖുർആനും അറബി ഭാഷയും അഭ്യസിക്കാൻ ഈ മൾട്ടിമീഡിയ ഇ-മെയിൽ കോഴ്സ് പ്രയോജനപ്പെടുമെന്നതിൽ സംശയമില്ല. സൈറ്റിലൂടെ ലഭിക്കുന്ന കോഴ്സ് മെറ്റീരിയൽ ഖുർആൻ പഠനത്തിൽ ശ്രദ്ധചെലുത്തുന്ന വിദ്യാലയങ്ങളിലെ പഠനത്തിനും മുതൽക്കൂട്ടായിരിക്കും.

subscribeunderstandquran@gmail.com എന്ന അഡ്രസ്സിൽ മെയിൽ ചെയ്തു കോഴ്സിൽ പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്. പിന്നീട് ആഴ്ച തോറും അവരുടെ ക്ലാസ്സുകൾ ലഭിച്ചുകൊണ്ടിരിക്കും.

ഖുർആൻ പഠനത്തിന് തെരഞ്ഞെടുക്കാവുന്ന പ്രമുഖ സൈറ്റുകൾ ഇനിയും നെറ്റിലുണ്ട്. അവയുടെ എണ്ണം നൂറുകണക്കിനാണെന്ന് തന്നെ പറയാം. ശ്രദ്ധേയമായ ഏതാനും സൈറ്റുകളുടെ വിലാസം താഴെ:

http://www.abdalbasit.com
http://www.almuaiqly.com
http://www.moshafy.org
http://www.trtel.com
http://www.quraat.com
http://www.warattil.com
http://www.jebril.com
http://www.sherzaad.net
http://www.alshatri.net/
http://www.quranexplorer.com

vkabdu@gmail.com